REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-03-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് ഇനി 11 ദിവസം. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ പാലക്കാട്ടും തൃശൂരും പ്രചാരണത്തിനെത്തും.**
- **മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പാലക്കാട്ടെ പ്രചാരണ റാലിയിൽ പങ്കെടുക്കും. കോൺഗ്രസ്, താരപ്രചാരകരുടെ 40 അംഗ പട്ടിക തയ്യാറാക്കി.**
- **യുവജനങ്ങളിലെ വോട്ടിംഗ് ശതമാനം വർദ്ധിപ്പിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ 'എന്റെ വോട്ട് എന്റെ ശക്തി' പ്രചാരണത്തിന് ഇന്ന് തുടക്കം.**
- **പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും ചേർന്ന് പ്രവർത്തിച്ച് പ്രത്യാഘാതങ്ങൾ നേരിടണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ആകാശവാണിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ പ്രഭാഷണ പരിപാടി 'മൻ കി ബാത്' നാളെ രാവിലെ 11ന്.**
- **IPL ക്രിക്കറ്റ് 19-ാം സീസണ് വൈകിട്ട് ബംഗളുരുവിൽ തുടക്കമാകും.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് 11 ദിവസം മാത്രം ശേഷിക്കേ, മുന്നണികളും സ്ഥാനാർത്ഥികളും പരമാവധി സമ്മതിദായകരെ നേരിൽ കണ്ടും പ്രമുഖ നേതാക്കളെ മണ്ഡലത്തിലെത്തിച്ചും

വോട്ടുറപ്പിക്കാൻ ഊർജ്ജിത ശ്രമം തുടരുകയാണ്. 140 മണ്ഡലങ്ങളിൽ 890 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്.

നിയമസഭാ തിരഞ്ഞെടുപ്പിലെ ആദ്യഘട്ട പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ സംസ്ഥാനത്തെത്തും. പാലക്കാട്ടും തൃശ്ശൂരും രണ്ടുപരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. ഉച്ചയ്ക്ക് പാലക്കാട്ടെ NDA പൊതുസമ്മേളനമാണ് ആദ്യപരിപാടി. വൈകീട്ട് തൃശ്ശൂർ സ്വരാജ് റൗണ്ടിലെ റോഡ് ഷോയിലും പ്രധാനമന്ത്രി പങ്കെടുക്കും. രണ്ടാം ഘട്ടപ്രചാരണത്തിന് ഏപ്രിൽ മൂന്നിന് പ്രധാനമന്ത്രി വീണ്ടും എത്തുമെന്നും BJP സംസ്ഥാന നേതൃത്വം തൃശൂരിൽ അറിയിച്ചു.

പ്രധാനമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ സ്വകാര്യ ഹെലികോപ്റ്റർ, ഡ്രോൺ, ഹാംഗ് ഗ്ലൈഡറുകൾ എന്നിവയുടെ ഉപയോഗം നാളെ ഉച്ച മുതൽ വൈകിട്ട് 7 വരെ നിരോധിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ പ്രചാരണ വിശേഷങ്ങൾ...

.........വോയ്സ്........

ഇന്നലെ കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് NDA പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വെള്ളന്നൂർ വിരിപ്പിൽ കർഷക സംഗമം കേന്ദ്ര സഹമന്ത്രി ശോഭാ കരന്തലജെ ഉദ്ഘാടനം ചെയ്തു.

ഫറോക്കിൽ ബേപ്പൂർ നിയോജക മണ്ഡലം NDA കൺവെൻഷൻ BJP മുൻ സംസ്ഥാന പ്രസിഡന്റ് CK പത്മനാഭൻ ഉദ്ഘാടനം ചെയ്തു.

LDF തെരഞ്ഞെടുപ്പ് പ്രചാരണ റാലികളിൽ പങ്കെടുക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പാലക്കാട്ടെത്തും. രാവിലെ 11 ന് മലമ്പുഴ മണ്ഡലത്തിലെ LDF പ്രചാരണ റാലി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. വൈകിട്ട് നാലിന് ഒറ്റപ്പാലം മണ്ഡലത്തിലും അഞ്ചിന് പട്ടാമ്പിയിലും ആറിന് തൃത്താലയിലും മുഖ്യമന്ത്രി പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. CPIM ജനറൽ സെക്രട്ടറി MA ബേബി ഇന്ന് കണ്ണൂർ ജില്ലയിലെ തെരഞ്ഞെടുപ്പ് പ്രചരണ പരിപാടികളിൽ പങ്കെടുക്കും.

നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ആവേശം പകരാൻ ദേശീയ സംസ്ഥാന തലങ്ങളിലെ 40 പ്രമുഖ നേതാക്കളെ ഉൾപ്പെടുത്തി താരപ്രചാരകരുടെ പട്ടിക AICC പുറത്തിറക്കി. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി, പ്രിയങ്കാ ഗാന്ധി, AK ആന്റണി, KC വേണുഗോപാൽ, രമേശ് ചെന്നിത്തല, സണ്ണിജോസഫ്, VD സതീശൻ, ഡോ. ശശി തരൂർ തുടങ്ങിയവർ പട്ടികയിൽ ഉണ്ട്. വരും

ദിവസങ്ങളിൽ സംസ്ഥാനത്തെ വിവിധ മണ്ഡലങ്ങളിലെ പൊതുസമ്മേളനങ്ങളിലും റോഡ് ഷോകളിലും ഇവർ പങ്കെടുക്കും.

ഡോ. ശശി തരൂർ ഇന്ന് എറണാകുളത്ത് UDF പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തല കണ്ണൂർ ജില്ലയിലും പ്രചാരണത്തിനെത്തും.

✪✪✪

യുവജനങ്ങളിലെ വോട്ടിങ് ശതമാനം വർധിപ്പിക്കാൻ ലക്ഷ്യമിട്ട് തെരഞ്ഞെടുപ്പു കമ്മീഷൻ സംഘടിപ്പിക്കുന്ന 'എന്റെ വോട്ട് എന്റെ ശക്തി' സംസ്ഥാനതല പ്രചാരണ പരിപാടിക്ക് ഇന്ന് തുടക്കമാകും. കേരളാ ലീഗൽ സർവ്വീസസ് അതോറിറ്റി, ജനമൈത്രി പോലീസ് എന്നിവരുമായി സഹകരിച്ചാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ പരിപാടി സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം പ്രചാരണ പരിപാടി തിരുവനന്തപുരം മാനവീയം വീഥിയിൽ ജില്ല സെഷൻസ് ജഡ്ജി നസീറ ഉദ്ഘാടനം ചെയ്യും.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ തിരുവനന്തപുരം ജില്ലയിലെ സ്ഥാനാർത്ഥികളുടെ വരവ്-ചെലവ് കണക്കുകളുടെ ആദ്യ പരിശോധന ഇന്ന് മുതൽ നാല് ദിവസം നടത്തുമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കലക്ടർ അറിയിച്ചു. രാവിലെ എട്ട് മണ്ഡലങ്ങളുടെ പരിശോധന PWD റസ്റ്റ് ഹൗസ് സമുച്ചയത്തിൽ ആരംഭിക്കും.

ആദ്യ ഘട്ട റാൻഡമൈസേഷൻ പൂർത്തിയാക്കിയ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ വിതരണം രാവിലെ കലക്ട്രേറ്റിൽ ആരംഭിക്കും. രണ്ടാ ഘട്ട റാൻഡമൈസേഷൻ അടുത്ത ചൊവ്വാഴ്ചയാണ്.

✪✪✪

കൊച്ചി നഗരസഭയിലെ മൂന്ന് ഡിവിഷനുകളിൽ നിയമവിരുദ്ധമായി സൂക്ഷിച്ചിരുന്ന 163 കിലോയിലേറെ നിരോധിത ഫ്ലക്സ് പിടികൂടി. ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ നഗരസഭ സീൽ ചെയ്തു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ വ്യാപാര - സാമ്പത്തിക സ്ഥിരതയ്ക്കും, ഊർജ്ജ സുരക്ഷയ്ക്കും, വിപണന ശൃംഖല ശാക്തീകരിക്കാനും, പൗര താൽപര്യങ്ങൾ സംരക്ഷിക്കാനുമാണ് ഗവൺമെന്റ് മുൻ തൂക്കം നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. മുഖ്യമന്ത്രിമാരുടെയും ലെഫ്റ്റനന്റ് ഗവർണർമാരുടെയും ഓൺലൈൻ

യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്രവും സംസ്ഥാനങ്ങളും മികച്ച ഏകോപനവും, മുൻകൂർ ആസൂത്രണവും, ജാഗ്രതയും വഴി സംഘർഷ കാലത്തിന്റെ പ്രത്യാഘാതങ്ങൾ നേരിടണമെന്ന് നരേന്ദ്രമോദി നിർദേശിച്ചു. ടീം ഇന്ത്യ എന്ന സമീപനത്തോടെ മുന്നോട്ട് നീങ്ങിയാൽ ഏത് വിപരീത സാഹചര്യങ്ങളെയും നേരിടാനാകുമെന്ന് അദ്ദേഹം വിശ്വാസം പ്രകടിപ്പിച്ചു.

കോവിഡ് കാലത്തെ ഇന്ത്യ നേരിട്ടത് ഇത്തരം ഒറ്റക്കെട്ടായ പ്രവർത്തനത്തിലൂടെയാണ്. ഇപ്പോഴത്തെ വെല്ലുവിളികൾ നേരിടാനും ഈയൊരു കാഴ്ചപ്പാട് അനിവാര്യമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. വിതരണ ശൃംഖലകളുടെ സുഗമ പ്രവർത്തനം ഉറപ്പാക്കി, കരിഞ്ചന്തയ്ക്കും, പൂഴ്ത്തിവെപ്പിനും എതിരായ കർശന നടപടി വഴി മുന്നോട്ട് പോകണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ധനകാര്യബിൽ 2026നും ധനവിനിയോഗ ബില്ലിനും പാർലമെന്റ് അംഗീകാരം നൽകി. നേരത്തെ ലോക്സഭ പാസാക്കിയ ബില്ലുകൾ ഇന്നലെ രാജ്യസഭയും പാസാക്കി. സഭയിൽ ബിൽചർച്ചയ്ക്ക് മറുപടി നൽകിയ ധനമന്ത്രി നിർമല സീതാരാമൻ പശ്ചിമേഷ്യൻ പ്രശ്നങ്ങളെത്തുടർന്നുണ്ടായ എണ്ണവില വർദ്ധനവിന്റെ ആഘാതത്തിൽ നിന്ന് പൗരന്മാരെ സംരക്ഷിക്കാൻ ഗവൺമെന്റ് പ്രതിബദ്ധമാണെന്ന് വ്യക്തമാക്കി. ക്രൂഡ് ഓയിൽ വില കുതിച്ചു കയറിയിട്ടും ഇന്ധന വില വർദ്ധിക്കാതിരിക്കാൻ ഗവൺമെന്റ് നടപടി എടുത്തതായി അവർ പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി നോയിഡയിലെ ജെവാർ രാജ്യന്തര വിമാനത്താവളത്തിന്റെ ഒന്നാംഘട്ടം ഇന്ന് രാഷ്ട്രത്തിന് സമർപ്പിക്കും. 11,200 കോടി രൂപ ചെലവിലാണ് വിമാനത്താവളത്തിന്റെ ആദ്യ ഘട്ട വികസനം പൂർത്തിയാക്കിയത്. രാജ്യത്തെ വൻകിട ഗ്രീൻഫീൽഡ് വിമാനത്താവളങ്ങളിലൊന്നാണ് നോയിഡയിലേത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ ആകാശവാണി പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 132-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും ശൃംഖലകളിൽ പരിപാടി ലഭ്യമാണ്. ഇതിന് പുറമെ AIR ന്യൂസ് വെബ്സൈറ്റ്, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പ്, ആകാശവാണിയുടെയും ദൂരദർശന്റെയും പ്രധാനമന്ത്രിയുടെ ഓഫീസിന്റെയും

I&B മന്ത്രാലയത്തിന്റെയും യൂട്യൂബ് ചാനലുകളിലും പരിപാടി കേൾക്കാം. ആകാശവാണി ഹിന്ദി പ്രഭാഷണത്തിന് ശേഷം പ്രാദേശികപരിഭാഷയും പ്രക്ഷേപണം ചെയ്യും.

✪✪✪

ഇറാനിലെ രണ്ട് ആണവകേന്ദ്രങ്ങൾക്കു നേരെ ഇസ്രായേൽ വ്യോമാക്രമണം നടത്തി. ആണവ വികിരണമോ ആൾനാശമോ ഉണ്ടായതായി റിപ്പോർട്ടില്ല. ഖൊണ്ഡാബ് ഹെവിവാട്ടർ കോംപ്ലക്സ്, അർദാ കാൻ, എന്നിവിടങ്ങളിലാണ് ആക്രമണമുണ്ടായത്.

അതിനിടെ ഹോർമൂസ് കടലിടുക്ക് വഴി മാനുഷിക സഹായ സാധനങ്ങളും കാർഷികോത്പന്നങ്ങളും കടത്തിവിടാൻ അനുവദിക്കുമെന്ന് ഇറാൻ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കൊല്ലം, പാലക്കാട് ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി വരെയും താപനില ഉയർന്നേക്കും.

തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും എത്തിയേക്കുമെന്ന് മുന്നറിയിപ്പുണ്ട്. സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോട് കൂടിയ മഴയ്ക്കും സാധ്യതയുണ്ട്.

✪✪✪

IPL ക്രിക്കറ്റ് 19-ാം സീസണ് ഇന്ന് ബംഗളുരുവിൽ തുടക്കമാകും. ബെംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്ക് ആദ്യ മത്സരത്തിൽ, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു,സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

✪✪✪

കേരള ബ്ലാസ്റ്റേഴ്സ് FCയുടെ പുതിയ പരിശീലകനായി ആഷ്‌ലി വെസ്റ്റ്‌വുഡിനെ നിയമിച്ചു. ഈ സീസൺ അവസാനം വരെയാണ് കരാർ. ബംഗളൂരു FCയെ രണ്ട് തവണ I-ലീഗ് കിരീടത്തിലേക്കും ഒരു തവണ ഫെഡറേഷൻ കപ്പ് വിജയത്തിലേക്കും നയിച്ച കോച്ചാണ് വെസ്റ്റ്‌വുഡ്.

✪✪✪

കൊട്ടിയൂർ വൈശാഖോത്സവത്തിന്റെ മുന്നോടിയായി ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്ത അവലോകന യോഗം ചേർന്നു. ഇത്തവണ 70 ലക്ഷം പേരെങ്കിലും ദർശനത്തിന് എത്തും എന്നാണ് പ്രതീക്ഷിക്കുന്നത്. പന്ത്രണ്ടേക്കറോളം സ്ഥലം അധികമായി പാർക്കിങ്ങിന് കണ്ടെത്തിയിട്ടുണ്ടെന്ന് യോഗത്തെ അറിയിച്ചു.

✪✪✪

പാചകവാതക വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണുന്നതിന് കണ്ണൂരിൽ  കൺട്രോൾ റൂം തുറന്നു. ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളിലെ  എമർജൻസി സെല്ലിൽ ആണ് കൺട്രോൾ റൂമിന്റെ പ്രവർത്തനം.

✪✪✪

എരണിയൽ - നാഗർകോവിൽ ഇരട്ടപ്പാത കമ്മീഷനിംഗുമായി ബന്ധപ്പെട്ട് ഇന്നത്തെ 11 ട്രെയിനുകൾ പൂർണമായി റദ്ദാക്കി. മധുര - പുനലൂർ എക്സ്പ്രസ്, നാഗർകോവിൽ- തിരുവനന്തപുരം - തിരുവനന്തപുരം പാസഞ്ചർ, പുനലൂർ-കന്യാകുമാരി-പുനലൂർ പാസഞ്ചർ, കൊല്ലം- കന്യാകുമാരി മെമു,  പുനലൂർ - മധുര എക്സ്പ്രസ് എന്നിവ റദ്ദാക്കിയ ട്രെയിനുകളിൽ ഉൾപ്പെടുന്നു. പത്ത് ട്രെയിനുകൾ ഭാഗികമായി റദ്ദാക്കി. രണ്ട് ട്രെയിനുകൾ വഴി തിരിച്ചു വിട്ടു. നാല് ട്രെയിനുകൾ വൈകി ഓടാൻ സാധ്യതയുണ്ടെന്നും റെയിൽവെ അറിയിച്ചു.

✪✪✪

ഗഗൻയാൻ ദൗത്യത്തിലെ യാത്രികൻ, ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല ഉച്ചയ്ക്ക് തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് മോഡൽ സ്കൂൾ സന്ദർശിക്കും. സ്കൂളിലെ ബഹിരാകാശ ക്ലബ്- ബിയോണ്ട് ദ ഹൊറിസൺ- സംഘടിപ്പിക്കുന്ന പരിപാടിയിൽ പങ്കെടുക്കാനാണ് ശുക്ല സ്കൂളിൽ എത്തുന്നത്. വിദ്യാർത്ഥികളുമായി അദ്ദേഹം സംവദിക്കും.

✪✪✪

ശബരിമലയിൽ വിഷുവിനും മേടമാസ പൂജയ്ക്കും വെർച്വൽ ക്യൂ ബുക്കിംഗ് ഇന്ന് ആരംഭിക്കും. വൈകീട്ട്  അഞ്ചു മുതൽ വെർച്വൽ ക്യൂ വെബ്സൈറ്റ് വഴി സ്ലോട്ടുകൾ ബുക്ക് ചെയ്യാം. ഏപ്രിൽ 10നാണ് നട തുറക്കുന്നത്.

✪✪✪

പത്തനംതിട്ട കൊടുമണ്ണിൽ ഇരട്ടക്കുട്ടികൾക്ക് തെരുവുനായ ആക്രമണത്തിൽ സാരമായി പരിക്കേറ്റു. LKG വിദ്യാർത്ഥികളായ വിവേക്, വിവേകി

എന്നിവരെയാണ് തെരുവുനായ ആക്രമിച്ചത്. രണ്ടു കുട്ടികളെയും വിദഗ്ധ ചികിത്സയ്ക്ക് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലേയ്ക്ക് മാറ്റി.

✪✪✪

*News Editor ശ്രുതി എം*
*News Reader: അനിൽ ചന്ദ്രൻ*
*News Team:രജിന കെ*
*DEO : സി കെ സുബോധ്*